jafarelkd@gmail.com



ജഅ്ഫർ എളമ്പിലാക്കോട്

# കൂട്ടായ്മയോട് ചേർന്നുനിൽക്കുക

عَنْ مُعَاذِ بْنِ جَبَلٍ (ر) قَالَ: قَالَ رَسُولُ اللّهِ ﷺ إِنَّ الشَيْطَانَ ذِئْبُ الإِنْسَانِ كَذِئبِ الغَنَمِ,يَأْخُذُ الشَاةَ القَاصِيَةَ وَالنَّاحِيَةِ, وَإِيَّاكُمْ وَالشِّعَابَ, وَعَلَيْكُمْ بِالجَمَاعَةِ وَالعَامَّةِ

**മുആദുബ്നു ജബലി(റ)ൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: പിശാച് മനുഷ്യനെ പിടികൂടുന്ന ചെന്നായ തന്നെയാണ്. ആടിനെ പിടികൂടുന്ന സാക്ഷാൽ ചെന്നായയെപ്പോലെ. കൂട്ടം തെറ്റി മാറി നിൽക്കുന്ന ആടിനെയാണ് ചെന്നായ പിടികൂടാറുള്ളത്. അതിനാൽ സംഘത്തിൽ നിന്ന് വേർപ്പെട്ടുപോവുന്നതിനെ നിങ്ങൾ സൂക്ഷിക്കുക. സംഘടനയെയും പൊതുസമൂഹത്തെയും മുറുകെപിടിക്കുകയും ചെയ്യുക.**

സാമൂഹിക ജീവിയായ മനുഷ്യന് ഒറ്റക്കു ജീവിക്കുക അസാധ്യമാണ്. പരസ്പരം സഹവസിച്ചും സഹകരിച്ചും മാത്രമേ അവന് മുന്നോട്ട് പോവാൻ സാധിക്കുകയുള്ളൂ. തന്റെ ആവശ്യങ്ങളും അഭിലാഷങ്ങളും അന്യരുടെ സഹായമില്ലാതെ ഒറ്റക്കു പൂർത്തീകരിക്കാൻ ഒരാൾക്കും സാധിക്കുകയില്ല. ഇതര ജീവജാലങ്ങളിൽ നിന്ന് ഭിന്നമായി ജന്മനാ പരസഹായം ആവശ്യമുള്ള ഘടനയിലാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. കൂട്ടുകൂടാനും ഒന്നിച്ചു ചേരാനുമുള്ള പ്രവണത മനുഷ്യനിൽ പ്രകൃത്യാ നിലീനമാണ്.

പ്രകൃതിമതമായ ഇസ്‌ലാം മനുഷ്യന്റെ നൈസർഗിക ചോദനകളെ അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. കൂട്ടുചേരലിനെ അത് പ്രോത്സാഹിപ്പിക്കുകയും, ഒരു വേള അതിനെ അനിവാര്യമായി കാണുകയും ചെയ്യുന്നു. ദീനിലെ അതിപ്രധാനമായ ആരാധനാ കർമങ്ങൾ പോലും സംഘടിതമായല്ലാതെ നിർവഹിക്കരുതെന്ന് നിഷ്കർഷിക്കുന്നു. നമസ്കാരം മുതൽ ഹജ്ജ് വരെയുള്ള അനുഷ്ഠാനങ്ങൾ സാമൂഹിക സ്വഭാവം നിലനിർത്തിയാണ് ഇസ്‌ലാം നിർബന്ധമാക്കിയിരിക്കുന്നത്. ജുമുഅ-ജമാഅത്തുകളിൽ പങ്കുകൊള്ളാതെ ആരാധനകളുമായി വീട്ടിൽ തനിച്ചിരിക്കുന്നവരെ കുറിച്ച് 'അത്തരക്കാർ അന്ത്യനാളിൽ നരകാവകാശികളായിരിക്കു'മെന്നാണ് പ്രമുഖ സ്വഹാബി ഇബ്നു അബ്ബാസ് (റ) അഭിപ്രായപ്പെടുന്നത് (തിർമുദി-218). സംഘടിത ജീവിതത്തിന് ദീൻ നൽകുന്ന വമ്പിച്ച പ്രാധാന്യത്തെയാണ് ഇത് അടയാളപ്പെടുത്തുന്നത്.

മുകളിൽ കൊടുത്ത ഹദീസ് ഇക്കാര്യം തന്നെയാണ് ഒരു ഉപമയിലൂടെ ഊന്നിപ്പറയുന്നത്. ഇടയവൃത്തി അറബികൾക്ക് ഏറ്റവും സുപരിചിതമായ ജീവിതായോധന മാർഗമാണ്. ആട്ടിടയന്മാരും അവർ മേച്ചുനടക്കുന്ന ആട്ടിൻ പറ്റങ്ങളും മരുഭൂവാസത്തിന്റെ നിത്യ കാഴ്ചകളാണ്. പ്രവാചകൻ(സ) തന്നെയും തന്റെ ചെറുപ്പത്തിൽ സാമാന്യം ദീർഘമായ കാലം ആടുകളെ മേച്ചുനടന്നിട്ടുണ്ടല്ലോ. അതിനാൽ അനുചരന്മാർക്ക് ഏറ്റവും പരിചിതമായ ഒരു ജീവിതചുറ്റുപാടിനെ ഉദാഹരിക്കുകയാണ് പ്രവാചകൻ (സ) ഇവിടെ ചെയ്യുന്നത്.

വന്യമൃഗങ്ങളാൽ ഏതുനേരവും ആക്രമിക്കപ്പെടാൻ സാധ്യതയുണ്ട് ആട്ടിൻപറ്റങ്ങൾ. തന്റെ ആടുകളെ ചെന്നായ പിടിക്കുമോ എന്ന് ഓരോ ഇടയനും ഭയപ്പെട്ടുകൊണ്ടിരിക്കും. എന്നാൽ, ആടുകൾ കൂട്ടം ചേർന്ന് മേഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരിക്കലും അവയെ ചെന്നായ ആക്രമിക്കുകയില്ല. സംഘത്തിൽ നിന്ന് അകന്ന് മാറി പുൽമേടുകളിൽ ഒറ്റക്കു വിഹരിക്കാൻ തുടങ്ങുമ്പോഴാണ് അപ്രതീക്ഷിതമായി അവയ്ക്കുമേൽ വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടാവുക.

വ്യക്തികളുടെ കാര്യവും ഇങ്ങനെ തന്നെ. ഇസ്‌ലാമിക സംഘടനയോട് ചേർന്ന് നിൽക്കുകയും ഒന്നിച്ചു മുന്നോട്ട് പോവുകയും ചെയ്യുമ്പോഴെല്ലാം പിശാച് മനുഷ്യനിൽ നിന്ന് ബഹുദൂരം അകലെയായിരിക്കും. സംഘടിതമായ ചട്ടക്കൂടും മാർഗദർശനവും മുമ്പോട്ടുള്ള വഴി സുഗമമാക്കും. ദിശ തെറ്റാതെ നേർവഴിയിൽ സഞ്ചരിക്കാൻ അത് കാരണമായിത്തീരും. എന്നാൽ, ഒറ്റക്കു നിൽക്കുന്നവന്റെ അവസ്ഥ ഇതല്ല. അവന്റെ ചിന്തകൾ കെട്ട് പൊട്ടിയ പട്ടം കണക്കെ പല വഴിക്കും പാറിപ്പറന്നുകൊണ്ടിരിക്കും. പ്രഭാതത്തിൽ ശരിയെന്നു തോന്നിയത് വൈകുന്നേരമാവുമ്പോഴേക്കും തെറ്റെന്ന് തോന്നും. കലങ്ങി മറിഞ്ഞ മനസ്സിന്റെ അപഥസഞ്ചാരങ്ങൾ എല്ലാവിധ കുഴപ്പങ്ങളിലും അപകടങ്ങളിലും അവനെ കൊണ്ട് ചെന്നെത്തിക്കും. താമസിയാതെ പിശാചിന്റെ കൈയിലെ ലക്ഷണമൊത്ത ഒരു ഉപകരണമായി അവൻ മാറും. റസൂൽ (സ) പറഞ്ഞു: "നിങ്ങൾ സംഘടനയെ മുറുകെ പിടിക്കുക. ഭിന്നതയെ സൂക്ഷിക്കുക. എന്തുകൊണ്ടെന്നാൽ പിശാച് എപ്പോഴും ഒറ്റപ്പെട്ടവന്റെ കൂടെയായിരിക്കും. രണ്ടാൾക്കാരാവുമ്പോൾ പിശാച് കൂടുതൽ അകന്നിരിക്കും" (തിർമിദി-2165). മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു: "അല്ലാഹുവിന്റെ സഹായ ഹസ്തം സംഘടനയുടെ കൂടെയായിരിക്കും നിലകൊള്ളുക. അതിനാൽ നിങ്ങൾ എപ്പോഴും ആൾക്കൂട്ടത്തോട് ചേർന്നു നിൽക്കുക. ഒറ്റപ്പെട്ട് മാറി നിൽക്കുന്നവൻ നരകാഗ്നിയിലേക്ക് അതേ നിലയിൽ വലിച്ചെറിയപ്പെടുന്നതാണ്" (ഹാകിം-1/199)

ഇമാം ബൈഹഖി(റ) ഉദ്ധരിക്കുന്ന ഒരു സംഭവം ഇങ്ങനെയാണ്: "മലയിലിരുന്ന് അല്ലാഹുവിന് ഇബാദത്തുചെയ്യാൻ നേർച്ചയാക്കിയ ഒരാളെ ഒരിക്കൽ പ്രവാചകന്റെ സന്നിധിയിൽ കൊണ്ടുവന്നു. അയാൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ആളുകളിൽ നിന്നെല്ലാം അകന്നുമാറി ഏകാന്തതയിൽ അല്ലാഹുവിനു ഇബാദത്തുകൾ ചെയ്തു ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്താണ് താങ്കളുടെ അഭിപ്രായം?' അപ്പോൾ അവിടുന്ന് പറഞ്ഞു: 'താങ്കളും താങ്കളിൽപ്പെട്ട ഒരാളും ഇപ്രകാരം പ്രവർത്തിക്കരുത്!' (മൂന്ന് തവണ റസൂൽ (സ) ഇതാവർത്തിച്ചുകൊണ്ടിരുന്നു). പിന്നീട് തുടർന്നു: "മുസ്‌ലിംകളുടെ നാടുകളിലൊന്നിൽ അവരോടൊപ്പം ക്ഷമയവലംബിച്ച് ഒരു മണിക്കൂർ കഴിച്ചുകൂട്ടലാണ്, ജനങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി നാൽപത് വർഷക്കാലം ആരാധനകളുമായി കഴിയുന്നതിനേക്കാൾ ശ്രേഷ്ഠകരമായിട്ടുള്ളത്" (ശുഅ്ബുൽ ഈമാൻ-9092). ■

* ഇമാം അഹ്മദ്, ത്വബ്റാനി(റ) എന്നിവർ ഉദ്ധരിച്ച ഈ ഹദീസിന്റെ നിവേദക പരമ്പര 'സ്വഹീഹ്' ആണെന്ന് പ്രമുഖ ഹദീസ് പണ്ഡിതൻ ശൈഖ് ഹംസ അഹ്മദ് സൈൻ (മുസ്നദ് അഹ്മദ്-5/243).